DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

17-10-2018

കാർഷികമേഖലാവാർത്തകൾ

## പ്രധാനമന്ത്രി ഫസൽ ഭീമാ യോജന ഇൻഷുറൻസ് പദ്ധതി ഇപ്പോൾ അപേക്ഷിക്കാം

രണ്ടാംവിള സീസൺ ലക്ഷ്യമാക്കിയുള്ള പ്രധാനമന്ത്രി ഫസൽ ഭീമായോജന ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നതിന് കർഷകർക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. ഒക്ടോബർ 2018 മുതൽ ആരംഭിക്കുന്ന രണ്ടാം വിളയ്ക്കാണ് ആനുകൂല്യം ലക്ഷ്യം വയ്ക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട പ്രദേശത്തിന്റെയും വിളയുടെ അടിസ്ഥാനത്തിൽ ആയിരിക്കും ഇൻഷുറൻസ് പരിരക്ഷ. ഡിസംബർ 15 വരെ പദ്ധതിയിൽ അംഗങ്ങളാകുന്നതിന് അവസരമുണ്ട്. പദ്ധതിയിൽ ഏറ്റവും അടുത്ത ബാങ്ക് വഴിയോ, കാർഷിക സഹകരണ സംഘങ്ങൾ വഴിയോ, ഏജന്റ് മുഖാന്തിരമോ ചേരാവുന്നതാണ്. കാർഷിക വായ്പകൾ ഉള്ള കർഷകർക്ക് നേരിട്ട് പ്രീമിയം ലോണിൽ നിന്നും കുറവു ചെയ്യാവുന്നതാണ്. www.pmfby.gov.in എന്ന വെബ് സൈറ്റ് മുഖതാന്തിരവും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## തേനീച്ച വളർത്തൽ പരിശീലനം

തിരുവല്ല അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ബോധനയുടെ കാർഷിക വിഭാഗത്തോടനുബന്ധിച്ചുള്ള തേനീച്ച വളർത്തൽ ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ താല്പര്യമുള്ള കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് 2 ദിവസത്തെ തേനീച്ച

വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. 2018 ഒക്ടോബർ 30,31 തീയതികളിൽ ബോധന കേന്ദ്ര ഓഫീസിനോടനുബന്ധിച്ചുള്ള പരിശീലന കേന്ദ്രത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പരിശീലനത്തിൽ തേനീച്ച കോളനി വിഭജനം, തേൻ സംസ്ക്കരണം, കൃത്രിമമായി റാണി ഈച്ചയെ വളർത്തിയെടുക്കുന്ന രീതി, പഴയ റാണിയെ മാറുന്ന രീതി, പഴയ അടകൾ മാറുന്ന രീതി, മഴക്കാലത്തുള്ള തേനീച്ച സംരക്ഷണം തുടങ്ങി തേനീച്ച വളർത്തൽ സംബന്ധിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കും. നല്ലയിനം നാടൻ തേനീച്ച കോളനികളും, ചെറുതേനിച്ചകോളനികളും, തേനീച്ച വളർത്തലിനാവശ്യമായ മറ്റെല്ലാ ഉപകരണങ്ങളും ബോധനയിൽ നിന്നും ലഭ്യമാണ്. രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിക്കുന്ന ഈ പരിശീലനത്തിന് ഭക്ഷണവും പഠനോപകരണങ്ങളും ഉൾപ്പെടെ 400 രൂപയാണ് ഫീസ്. ട്രെയിനിംഗിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ തിരുവല്ല പുഷ്പഗിരി റോഡിലുള്ള ബോധന കേന്ദ്ര ഓഫിസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബോധന, തുകലശ്ശേരി, പുഷ്പഗിരി റോഡ്, തിരുവല്ല, പത്തനംതിട്ട എന്ന വിലാസ്സത്തിലോ 0469-2606063, 9744642523 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## ക്ഷീര കർഷക പരിശീലനം

ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വെച്ച് ഈ മാസം 22 മുതൽ 27 വരെ 6 ദിവസങ്ങളിലായി ക്ഷീരകരഷകർക്ക് പശുവളർത്തലിൽ പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50

പേർക്ക് മാത്രമാണ് പ്രവേശനം. ഫോൺ വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും പകർപ്പ് ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 15 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0476-2698550 എന്ന നമ്പരിൽ ബന്ധപ്പെടുക.